**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 757** **24-08-2022 - ൽ മറുപടിയ്ക്ക്**

**അക്ഷര മ്യൂസിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ മേഖലയിൽ അക്ഷര മ്യൂസിയം സ്ഥാപിക്കുന്നുണ്ടോ; അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (എ) | കേരള സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ സാഹിത്യ പ്രവർത്തക സഹകരണസംഘം നടപ്പിലാക്കുന്ന പദ്ധതിയാണ് അക്ഷരം മ്യൂസിയം. അക്ഷരത്തിനും സാഹിത്യത്തിനും സംസ്കാരത്തിനും വേണ്ടിയാണ് ഈ മ്യൂസിയം സമർപ്പിക്കപ്പെട്ടിട്ടുള്ളത്. ഭാഷാ-സാഹിത്യം-സാസ്കാരിക മുന്നേറ്റം എന്നിവയെ അടയാളപ്പെടുത്തുകയാണ് മ്യൂസിയത്തിന്റെ ഉദ്ദേശ്യ ലക്ഷ്യം. |
| (ബി) | അക്ഷര മ്യൂസിയത്തിൽ പൊതുജനങ്ങൾക്ക് എന്തൊക്കെ സൗകര്യങ്ങളാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (ബി) | അക്ഷരം മ്യൂസിയം നാല് ഘട്ടങ്ങളിലായാണ് പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നത്. ഭാഷാ (വാമൊഴി, വരമൊഴി, അച്ചടി), ഗദ്യസാഹിത്യം, കവിത, വൈജ്ഞാനികസാഹിത്യം, വിവർത്തനം എന്നിവയാണ് നാല് ഘട്ടങ്ങൾ. ഇതോടൊപ്പം മലയാളത്തിൽ ഇതുവരെ ഇറങ്ങിയിട്ടുള്ള പുസ്തകങ്ങളുടെ പ്രഥമ പതിപ്പുകളുടെ ശേഖരം അടങ്ങിയ ലൈബ്രറി, ഡിജിറ്റൽ/ഓഡിയോ റീഡിംഗ് റൂമുകൾ, ഓഡിയോ വീഡിയോ സ്റ്റുഡിയോ, വിപുലമായ പുരാരേഖ - പുരാവസ്തു ശേഖരങ്ങൾ, ഗവേഷണ കേന്ദ്രം, എപ്പിഗ്രഫി, മ്യൂസിയോളജി, കൺസർവേഷൻ, പ്രിന്റിംഗ് എന്നിവയുമായി ബന്ധപ്പെട്ട പഠന-പരിശീലന പരിപാടികളും ചിൽഡ്രൻസ് പാർക്ക്, ആംഫി തീയേറ്റർ എന്നിവയും പൊതുജനങ്ങൾക്കായി ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു. |
| (സി) | അക്ഷര മ്യൂസിയത്തിന്റെ ഭാഗമായി ലെറ്റർ ടൂറിസം എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | അക്ഷര മ്യൂസിയത്തോടനുബന്ധിച്ച് ലെറ്റർ ടൂറിസം പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഭാഷ - അച്ചടി എന്നിവയിലുള്ള കോട്ടയത്തിന്റെ പാരമ്പര്യം പ്രതിഫലിപ്പിക്കുവാൻ ഉദ്ദേശിച്ചുള്ളതാണ് ലെറ്റർ ടൂറിസം സർക്യൂട്ട്, തിരുനക്കര മഹാദേവക്ഷേത്രം, താഴത്തങ്ങാടിയും താഴത്തങ്ങാടി ജുമാമസ്ജിദ്, കോട്ടയം വലിയ പള്ളി, കോട്ടയം ചെറിയ പള്ളി, |

| | | | |
|---|---|---|---|
| | | | കോട്ടയം പഴയ സെമിനാരി, സി.എം.എസ്. കോളേജ്, സി.എം.എസ്. പ്രസ്സ്, ദീപിക, മാന്നാനം പ്രസ്സ്, കുമാരനല്ലൂർ ദേവീക്ഷേത്രം, മലയാള മനോരമ, ദേവലോകം അരമന, പനച്ചിക്കാട് ദേവീക്ഷേത്രം എന്നിവയാണ് പ്രസ്തുത സർക്യൂട്ടിൽ ഉൾക്കൊള്ളുന്ന സ്ഥാപനങ്ങൾ. |

സെക്ഷൻ ഓഫീസർ